# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
2.00 PM -4.00 PM

ക്ലാസ്സ് - X

മാർക്ക് : 50

**I. ബ്രായ്ക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക** **1X10=10**

1. ദൈവസ്നേഹത്തിന്റെ ഉരകല്ല് ?
   (ദൈവസ്നേഹം, സഹോദരസ്നേഹം, ദൈവമഹത്വം)
2. പാവപ്പെട്ടവരുടെ പ്രേഷിതൻ ?
   (വിശുദ്ധ അന്തോനീസ്, വിശുദ്ധ വിൻസെന്റ് ഡി പോൾ, ഫെഡറിക് ഓസാനം)
3. ഈശോ നടത്തിയ ഏറ്റവും വലിയ സുവിശേഷപ്രഘോഷണം ?
   (കുരിശിലെ ബലിയർപ്പണം, ജീവിതസാക്ഷ്യം, ഉപവാസം)
4. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം ?
   (പ്രഘോഷണം, ആത്മസമർപ്പണം, ജീവിതസാക്ഷ്യം)
5. വിശ്വാസാധിഷ്ഠിതമായ ജീവിതംകൊണ്ട് സുവിശേഷത്തിന്റെ പ്രേഷിതരായവർ ?
   (വിജാതിയർ, മാർത്തോമാനസ്രാണികൾ, യഹൂദർ)
6. സുവിശേഷപ്രഘോഷണം ഇന്ന് എന്ന പ്രബോധനരേഖ ആരുടേതാണ് ?
   (ജോൺപോൾ രണ്ടാമൻപാപ്പ, പോൾ ആറാമൻപാപ്പ, ഫ്രാൻസിസ്പാപ്പ)
7. പുരോഹിതന്റെ പ്രേഷിതത്വം വെളിപ്പെടുന്നത് എന്തിലൂടെയാണ് ?
   (പ്രഘോഷണ ശുശ്രൂഷയിലൂടെ, സംഘടന പ്രവർത്തനത്തിലൂടെ, ജീവകാരുണ്യ പ്രവർത്തനത്തിലൂടെ)
8. സുവിശേഷപ്രഘോഷണം ഏറ്റെടുത്ത മാർ തോമ്മാശ്ലീഹാ എത്ര തവണ ഇന്ത്യയിലേയ്ക്ക് പ്രേഷിത യാത്ര നടത്തി ?
   (ഒന്ന്, രണ്ട്, മൂന്ന്)
9. 'ജയ് ഈശോ, ജയ് ഈശോ' എന്ന് ഉച്ചരിച്ച് സ്വർഗ്ഗപ്രാപ്തി നേടിയ രക്തസാക്ഷി ?
   (വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി, വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ)
10. ഭാരതത്തിൽ ഏറ്റവും ആദ്യം പൊതുവിദ്യാഭ്യാസ പ്രവർത്തനത്തിന് മുൻകൈയ്യെടുത്തത് ഏത് സന്യാസ സമൂഹത്തിലെ മിഷനറിമാരായിരുന്നു ?
    (സി. എം. ഐ., ജെസ്യൂട്ട്, ഫ്രാൻസിസ്കൻ)

**II. പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **1X5=5**

യാക്കോബ്, കരുണ, സ്നേഹം, സന്യാസം, ദൈവവചനം, പൗലോസ്

11. ഒരു വ്യക്തിയുടെ വിശുദ്ധിയുടെ അളവുകോൽ.
12. സഭയുടെ പ്രേക്ഷിതത്വത്തിന്റെ അഭിവാജ്യഘടകം.
13. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം.
14. സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം എന്ന് ഉദ്ബോധിപ്പിച്ച ശ്ലീഹാ.
15. സ്നേഹത്തിന്റെ ഉദാത്തഭാവം.

**III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിൽ നിലവിൽവരാൻ എന്തൊക്കെയാണ് കാരണമായിത്തീർന്നത് ?
17. സഭയുടെ ജീവകാരുണ്യ പ്രവർത്തനത്തിനടിസ്ഥാനമെന്ത് ?
18. കുടുംബം സഭയുടെ സുവിശേഷവത്കരണത്തിന്റെ ശക്തമായ വേദിയായിത്തിരുന്നത് എങ്ങനെ ?

*P.T.O*

**IV. തിരുവചനഭാഗത്തെ അടിസ്ഥാനമാക്കി ഉത്തരമെഴുതുക** **3X3=9**

19. ''അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം'' (യോഹ. 11 : 16) എന്ന വിശുദ്ധ തോമ്മാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ സന്ദർഭം വിവരിക്കുക.
20. ''പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്'' (യാക്കോ. 2 : 17). ശ്ലീഹായുടെ ഈ പ്രബോധനം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്താണ് ?
21. ആദിമസഭയിൽ കുടുംബങ്ങളിലൂടെയുള്ള പ്രേഷിതത്വം എത്രമാത്രം സജീവമായിരുന്നുവെന്ന് സൂചിപ്പിക്കുന്ന തിരുവചനഭാഗം എഴുതുക.

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X3=12**

22. അനുദിന ജീവിതത്തിൽ വിശുദ്ധി അഭ്യസിക്കുന്നത് എങ്ങനെ ?
23. എല്ലാ പുരോഹിതരും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർക്കപ്പെട്ടവരാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?
24. മാതാപിതാക്കളാണ് മക്കളുടെ പ്രഥമ അധ്യാപകരും പ്രധാന അധ്യാപകരും എന്ന് പറയുവാൻ കാരണം എന്ത് ?

**VI. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **8X1=8**

25. പാപികളുടെ മാനസാന്തരത്തിനും രോഗികളുടെ സൗഖ്യത്തിനും ലോകത്തിന്റെ സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സമർപ്പിതർ സഭയ്ക്ക് പ്രദാനം ചെയ്യുന്ന നന്മകൾ വളരെ വിശിഷ്ടമാണ്. ഈ നന്മകൾ സഭയ്ക്ക് പ്രദാനം ചെയ്യുന്നത് ഏതെല്ലാം പ്രേഷിത പ്രവർത്തന മണ്ഡലങ്ങളിലൂടെയാണ് എന്ന് കണ്ടെത്തി എഴുതുക.
26. അല്മായരുടെ പ്രേഷിത പ്രവർത്തനത്തിന്റെ മണ്ഡലം വിപുലവും സങ്കീർണവുമായ ലോകമാണ്. രാഷ്ട്രീയ - വിദ്യാഭ്യാസ രംഗങ്ങളിലെ സഭയുടെ സേവനങ്ങളെക്കുറിച്ച് വിവരിക്കുക.